# സാർവ്വദേശീയ സുവിശേഷം പ്രവൃത്തിയിൽ

അബ്രഹാമിന്റെ സന്തതികൾക്ക് ന്യായപ്രമാണം ഉപേക്ഷിക്കുക എന്നതു വിഷമമായിരുന്നു. എല്ലാ പെരുന്നാളുകൾ, യാഗങ്ങൾ, വഴിപാടുകൾ, സമ്പ്രദായങ്ങൾ ആഹാര നിയന്ത്രണങ്ങൾ തുടങ്ങിയ വ്യക്തിപരമായ ജീവിതത്തിലെ അസംഖ്യം മാറ്റങ്ങൾ അവർക്ക് വിഷമമായിരുന്നു. ഈ യെഹൂദന്മാർക്കു വിയോജിപ്പ് ഉണ്ടാക്കിയ മാറ്റങ്ങളിൽ ഒന്ന് ജാതികളോടുള്ള വെറുപ്പ് മാറ്റി എല്ലാ നിലയിലും അവരെ തങ്ങളോടൊപ്പം കാണുക എന്നതായിരുന്നു.

യെഹൂദന്മാർ ന്യായപ്രമാണത്തെ ദുരുപയോഗം ചെയ്തിരുന്നതു മാറ്റുവാൻ അവർക്കു മുഖ്യ വിഷമമായിരുന്നു. യെഹൂദന്മാർക്കു ദൈവം ന്യായപ്രമാണം കൊടുത്തത് അവർ കഠിനപ്പെടുന്നതിനോ, നിയമത്തിൽ പിടിച്ചു തൂങ്ങുന്നതിനോ, വർഗ്ഗീയ ദുരഭിമാനം ഉളവാ ക്കുവാനോ, അല്ലെങ്കിൽ സ്വയ - നീതീകരണത്തിനോ ആയിരുന്നില്ല. എങ്ങനെയായാലും, യേശു തന്റെ ശുശ്രൂഷയിൽ കപടഭക്തിക്കാരും, സ്വയ - നീതീകരണം നടത്തുന്നവരുമായ യെഹൂദന്മാരെ യേശു ശാസിക്കുന്നതു കണ്ടില്ലെന്നു നടിക്കാൻ പ്രയാസമാണ്. മത്തായി 23-ൽ ശാസ്ത്രിമാരുടേയും പരീശന്മാരുടേയും അവസ്ഥയെ പരാമർശിക്കുവാൻ ഏഴു പ്രാവശ്യം “അയ്യോ” എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. അവൻ അവരോട് “അയ്യോ” എന്നു പറഞ്ഞപ്പോൾ, ഒരിക്കൽ ഒഴിച്ച് മറ്റെല്ലാ പ്രാവശ്യവും അവരെ കപടഭക്തിക്കാരേ എന്നു വിളിച്ചിട്ടുണ്ട് - ആ ഒരു പ്രാവശ്യം അവരെ കുരുടരെ വഴിക്കാട്ടുന്നവർ എന്നു വിളി ച്ചു (വാക്യം 16).

ന്യായപ്രമാണത്താൽ ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുമെന്ന വിശ്വാസത്താലാണ് ഈ മതാദ്ധ്യക്ഷന്മാർ അതു ദുരുപയോഗം ചെയ്തത്. ഹൃദയ വേദനയോടെ അവരുടെ ഈ അവസ്ഥയിൽ പൗലൊസ് വിലപിക്കുന്നുണ്ട് (റോമർ 9:1-5). അവരുടെ എരിവിനെ അവൻ പ്രശംസിച്ചുവെങ്കിലും, അവർ ന്യായപ്രമാണം അനുഷ്ടിച്ചു കൊണ്ട് സ്വയ - നീതീകരണം സ്ഥാപിച്ചതിനു പൗലൊസ് അവരെ ശാസി ച്ചു (റോമർ 10:1-4). തെറ്റായ മനോഭാവം വളർത്തി, മശിഹയെ വാഗ്ദാനം

ചെയ്തതു അവരുടെ ഗുണത്തിനാണെന്നു അവർ വിശ്വസിച്ചു. അബ്രഹാമിന്റെ മക്കൾ മാത്രമെ രക്ഷിക്കപ്പെടുകയുള്ളു എന്നും ജാതികൾക്കു ദൈവകൃപക്കുള്ള അവസരം ലഭിക്കയില്ല എന്നും അവർ വിശ്വസിച്ചു. നായ്ക്കളേക്കാൾ ഒട്ടും മെച്ചമല്ല ജാതികൾ എന്നാണ് അവർ വിശ്വസിച്ചത്.

ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാരുടെ മൗലികമായ, യുക്തി രഹിതമായ ദേശീയത അവരെ സ്വയ - തൃപ്തി, സ്വയ - നീതീകരണം, ഇടുങ്ങിയ ചിന്താഗതി എന്നിവയിൽ അവർ ലോക ചരിത്രത്തിൽ തുല്യ പദവിയിലെത്തിയതു വിരളമായിട്ടായിരുന്നു. ഈ അടിവരയിട്ട പ്രശ്നം പ്രവൃത്തികളിൽ ഉടനീളം, മുകളിലേക്ക് തികട്ടി വന്നുകൊണ്ടിരിക്കുന്നു.

ഇടുങ്ങിയ ചിന്താഗതിയുടെ പ്രശ്നത്താൽ ഉണ്ടായിരുന്ന ആത്മീയ അന്ധതയാൽ അപ്പൊസ്തലന്മാർ പീഡിപ്പിക്കപ്പെട്ടിരുന്നു. അപ്പൊസ്തല ന്മാരെ അവർ പൊതുവിൽ തെറ്റിദ്ധരിച്ചിരുന്നെങ്കിലും, ജാതികളുടെ രക്ഷ യും തീർച്ചയുള്ള ദൈവശ്വാസീയതയിൽ നല്കിയിരുന്നു. "സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്ക" എന്നു യേശു പറഞ്ഞ പ്പോൾ (മർക്കൊസ് 16:15; കെ.ജെ.വി), അവർ വിചാരിച്ചത് "എല്ലാ *യെഹൂദ* സൃഷ്ടികളോടും പ്രസംഗിക്ക" എന്നാണെന്നായിരുന്നു. "സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" എന്നു യേശു പറഞ്ഞപ്പോൾ (മത്തായി 28:19), അപ്പൊസ്തലന്മാർ വിചാരിച്ചത് "സകല *യെഹൂദ*ജാതികളെയും ശിഷ്യരാക്കി കൊൾവിൻ" എന്നാണെന്നാ യിരുന്നു. വാഗ്ദാനം ഇവിടെ വന്നിരിക്കുന്നവർക്കു മാത്രമല്ല "കർത്താവി ന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, ഉള്ളതല്ലോ" എന്നു, പത്രൊസ് പെന്തെക്കൊസ്തു നാളിൽ പ്രസംഗിച്ചു (പ്രവൃത്തികൾ 2:39). ഒരു പക്ഷെ പത്രൊസ് പ്രസംഗിക്കയും മറ്റു അപ്പൊസ്തലന്മാർ കേട്ടു ആ സന്ദേശം അറിയിക്കയും ചെയ്തപ്പോഴും, അവർ വിചാരിച്ചത് ദൂരസ്ഥരായ *യെഹൂദന്മാരെയാണ്* അർത്ഥമാക്കിയത് എന്നായിരുന്നു. അതുകൊണ്ട്, പ്രവൃത്തികൾ 2 ലെ പ്രസിദ്ധമായ പെന്തെക്കൊസ്തു നാൾ മുതൽ അപ്പൊസ്തലന്മാർ കൃപയുടെ സുവിശേഷം ജാതികളി ലേക്കു നല്കുവാൻ തയ്യാറായിരുന്നില്ല!

പിന്നീട് പത്രൊസ് ശലോമോന്റെ മണ്ഡപത്തിൽ അബ്രഹാമിന്നു ദൈവം കൊടുത്ത വാഗ്ദാനത്തിലും ഉടമ്പടിയിലും "ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" (പ്രവൃത്തികൾ 3:25) എന്നു പ്രസം ഗിക്കയുണ്ടായി. ഒരു പക്ഷെ, അടച്ചു വെച്ച മനസ്സുള്ള യെഹൂദ ന്മാർ അതു സകല *യെഹൂദ* വംശങ്ങളും എന്നാണെന്നു ധരിച്ചു, പക്ഷെ ദൈവം അർത്ഥമാക്കിയതു, വർഗ്ഗ ഭേദമന്യെ എല്ലാ വംശങ്ങളെയും ആയിരുന്നു.

ശൗലിന്റെ പരിവർത്തന സമയത്ത്, അനന്യാസ്, ശൗലിനോട് "അവൻ ജാതികളുടെ മുൻപിൽ [യേശുവിന്റെ] നാമം വഹിക്കേണ്ട വൻ" എന്നു പറഞ്ഞിരുന്നു (പ്രവൃത്തികൾ 9:15). സഭ ആരംഭിച്ചു നാലു വർഷം കഴിഞ്ഞ് ശൗൽ പരിവർത്തനം ചെയ്തതുകൊണ്ട്, അനന്യാസ് ദൈവത്തിന്റെ പ്രസ്താവന മറ്റുള്ളവരോട് പറയുന്നതുപോലെ ആണെ ന്നു തോന്നുന്നു പറഞ്ഞത്. അപ്പൊസ്തലന്മാർക്കും യെഹൂദ സഹോദര

ന്മാർക്കും ഈ പ്രധാന വസ്തുത എങ്ങനെ കണ്ടില്ലെന്നു നടിക്കാൻ കഴിഞ്ഞു എന്നതു അമ്പരപ്പിക്കുന്നതാണ്.

പുറമെ പല അത്ഭുതങ്ങളും പല വർഷങ്ങളും വേണ്ടി വന്നു അപ്പൊസ്തലന്മാർക്കു സുവിശേഷം ജാതികളിൽ എത്തിക്കാൻ! ജാതികളിൽ നിന്നു ആദ്യ പരിവർത്തനമായ റോമൻ ശതാധിപൻ, കൊർന്നെലൊസിന്റെ ഭവനത്തിലേക്ക് പത്രൊസ് പോകുവാൻ, അവസാനം വേറെയും വെളിപ്പാട് വേണ്ടിവന്നു (പ്രവൃത്തികൾ 10). എന്നിട്ടുപോലും, പത്രൊസിനെ ക്രിസ്തീയ സഹോദരങ്ങൾ വിളിച്ചു വരുത്തി, ഈ വർഗ്ഗീയ ദുരഭിമാനത്തിന്റെ പേരിൽ പീഡിപ്പിക്കയുണ്ടായി (പ്രവൃത്തികൾ 11:1-18). ഈ പ്രശ്നത്തിൽ ദൈവത്തിന്റെ സത്യം തുറന്നു കാണിക്കുന്നതു പ്രവൃത്തികളുടെ പുസ്തക പഠനത്തിൽ ഉൾക്കൊള്ളാവുന്നതാണ്.

## ഒരു സർവ്വദേശീയ മനോഭാവം

### സമയം ഉൾപ്പെട്ടു

പ്രവൃത്തികൾ 2 ലെ പെന്തെക്കൊസ്തുനാളിലെ സംഭവങ്ങൾ നടന്നത് സാധാരണ കലണ്ടർ അനുസരിച്ചു കണക്കു കൂടിയിരിക്കുന്നത് ഏ.ഡി. 33 ആയിട്ടാണ്. കൊർന്നെല്യൊസിന്റെ പരിവർത്തനം (പ്രവൃത്തികൾ 10) നടന്നത് ഏ.ഡി. 38-40 ആണെന്നു മിക്ക പണ്ഡിതന്മാരും കരുതുന്നു. യെരുശലേമിലെ പ്രത്യേക യോഗം നടക്കുന്നതുവരെ (പ്രവൃത്തികൾ 15) ജാതികളെക്കുറിച്ചും പരിഛേദനയെക്കുറിച്ചും ഉള്ള തെറ്റിദ്ധാരണകളും ചോദ്യങ്ങളും പരിഹരിക്കാതെ തുടർന്നു, അതു നട ന്നതു ഏ.ഡി. 51 ലാണെന്നു പണ്ഡിതന്മാർ കരുതുന്നു.

ക്രിസ്ത്യാനികൾക്കിടയിലുള്ള അത്തരം മനോഭാവ പീഡനങ്ങൾ, ഏതാണ്ട് - ഇരുപതുവർഷത്തോളം രണ്ടു ദശാബ്ദക്കാലം - പരിഹരിക്കാതെ കിടന്നു! ഇതു പരിശുദ്ധാത്മാവിനാൽ ദൈവശ്വാസിയമായി നയിക്കപ്പെട്ട അപ്പൊസ്തലന്മാരിൽ ആണെന്നതു വിസ്മയിപ്പിക്കുന്നു. ദൈവശ്വാസിയത അവരുടെ നൈപുണ്യമനോഭാവത്തെ മാറ്റുന്നതായിരുന്നില്ല. ക്രമേണ ദൈവത്തിന്റെ സത്യം മുഴുവനും മനസ്സിലാക്കിയതോടെയാണ് അവസാനം അപ്പൊസ്തലന്മാരുടെ മനോഭാവങ്ങളും അഭിപ്രായങ്ങളും തിരുത്തിയത്.

### മാറ്റം ഉൾപ്പെട്ടു

നാലു വ്യത്യസ്ത മനോഭാവങ്ങളെ പ്രവൃത്തികൾ രേഖപ്പെടുത്തുന്നു. ആദ്യം, പ്രാരംഭ ക്രിസ്ത്യാനികൾക്ക് ഉണ്ടായിരുന്ന ഒരു മനോ ഭാവം ഇങ്ങനെ പറയാം: “ഒരു എബ്രായനായിരുന്ന് യേശുവിനെ മുഴു വൻ നമ്മുടെ മാത്രം മശിഹ ആക്കി വെക്കുന്നതു മഹത്തായ ഒന്നല്ലേ?” (ഈ മനോഭാവം പ്രവൃത്തികൾ 1 മുതൽ 7 വരെ കാണാം.)

രണ്ടാമതു, വെറുപ്പു എന്ന മറ്റൊരു മനോഭാവം പ്രകടമാക്കി: “ശമര്യയിലെ യെഹൂദമതാനുസാരികളോടു പ്രസംഗിക്കുക എന്ന

ആശയം ഞങ്ങൾ സ്വീകരിക്കും, എന്നാൽ ഞങ്ങൾ അതിൽ അതീവ ആവേശം കൊള്ളുകയില്ല." (ഇതു പ്രവൃത്തികൾ 8-ൽ കാണാം.)

മൂന്നാമതൊരു മനോഭാവം കാണാവുന്നത് അവരുടെ ആധുനികമായ യാഥാസ്ഥിതികത്വമാണ്: "പത്രൊസേ, ഒരു ജാതിയെ സ്നാനപ്പെടുത്തുക എന്നു പറഞ്ഞാലെന്താ? ദൈവം അതാണ് ആഗ്രഹിക്കുന്നതെങ്കിൽ അവനും അവന്റെ കുടുംബവും സ്നാനപ്പെടട്ടെ, പക്ഷെ അവർ പരിഛേദന ഏല്ക്കട്ടെ." (ഇത് പ്രവൃത്തികൾ 10 മുതൽ 14 വരെ കാണാം.)

അവസാനം, നാലാമതു ഒരു മനോഭാവം, നേരായതും ശരിയായതും ആയ ഒന്നു, മനസ്സിലാക്കി പരിശീലിച്ചു: "ക്രിസ്തു എല്ലാ മനുഷ്യർക്കും വേണ്ടിയാണ് മരിച്ചതെന്നു ഇപ്പോൾ ഞങ്ങൾക്കു മനസ്സിലാവുകയും, ഇനി ഞങ്ങൾ സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുകയും ചെയ്യും." (ഈ മനോഭാവം പ്രകടിപ്പിക്കുന്നത് പ്രവൃത്തികൾ 15 മുതൽ 28 വരെയാണ്.) ഈ മനോഭാവം വന്നതോടെയാണ് സുവിശേഷം സർവ്വദേശീയമായി വ്യാപിച്ചത്.

### സർവ്വദേശീയ പ്രസംഗം

കൊർന്നെല്യൊസിന്റെ കാര്യത്തിൽ ഒരു നാടകീയ മാറ്റം സംഭവിക്കുന്നതുവരെ അപ്പൊസ്തലന്മാർ യെഹൂദന്മാരോടും യെഹൂദമതാനുസാരികളോടും അല്ലാതെ മറ്റാരോടും പ്രസംഗിച്ചില്ല (പ്രവൃത്തികൾ 10:1-4). അവൻ റോമാ സാമ്രാജ്യത്തിലെ പടയാളികളായ ഉദ്യോഗസ്ഥരിൽ അസാധാരണ മനുഷ്യൻ ആയിരുന്നു. അവൻ ഭക്തിയും, ദൈവ - ഭയവും, ഔദാര്യവും, പ്രാർത്ഥനയും ഉള്ള മനുഷ്യൻ ആയിരുന്നു. അതുകൂടാതെ, അവന്റെ തന്നെ ദാസന്മാർ പറഞ്ഞത് അവൻ നീതിമാനും, ദൈവ - ഭയം ഉള്ളവനും യെഹൂദ ദേശം മുഴു വനും ബഹുമാനിച്ചവരും ആയിരുന്നു എന്നാണ് (വാക്യം 22). വ്യക്ത മായും, അവനു ദൈവവുമായി പ്രത്യേക ബന്ധം ഉണ്ടായിരുന്നു, എന്നാൽ അവൻ ക്രിസ്ത്യാനി അല്ലായിരുന്നു.

പ്രവൃത്തികൾ 10 ലെ കൊർന്നെല്യൊസിന്റെ കാര്യത്തിൽ നാലു അത്ഭുതങ്ങൾ ഉൾപ്പെടുന്നു. ആദ്യം, ഒരു ദൂതൻ കൊർന്നെല്യൊസിനു പ്രത്യക്ഷനാവുകയും, സുവിശേഷ പ്രാസംഗികൻ ആയിരുന്ന പത്രൊസിനെ വരുത്തുവാൻ പറയുകയും ചെയ്തു (പ്രവൃത്തികൾ 10:3-7). രണ്ടാമത്, പത്രൊസ് സ്വർഗ്ഗത്തിൽ നിന്നു ഒരു വലിയ തുപ്പട്ടി പോലെയുള്ള പാത്രത്തിൽ സകല മൃഗങ്ങളും ഉള്ള ഒരു ദർശനം കാണിച്ചു കൊടുത്തു (വാക്യങ്ങൾ 9-16). ഈ പാത്രം മൂന്നു പ്രാവശ്യം ഇറക്കി കൊടുത്തു കൊണ്ട്, ഓരോ പ്രാവശ്യവും പത്രൊസിനോട് അറുത്തുതിന്നുവാൻ പറഞ്ഞു. അതിൽ മോശെയുടെ ന്യായപ്രമാണത്തിൽ വിലക്കിയ അശുദ്ധ മൃഗങ്ങളും ഉൾപ്പെടുന്നതുകൊണ്ട്, പത്രൊസ് കൊന്നു തിന്നുവാൻ മടിച്ചു. കൊർന്നെലൊസിന്റെ ദാസന്മാർ വന്നപ്പോൾ അവരോടുകൂടെ പോകുവാൻ, പത്രൊസിനോടു പരിശുദ്ധാത്മാവു പറഞ്ഞതാണ് മൂന്നാമത്തെ അത്ഭുതം (വാക്യങ്ങൾ 17-20). നാലാമത്തെ അത്ഭുതത്തിൽ, പരിശുദ്ധാത്മാവ് കൊർന്നെല്യൊസിലും അവന്റെ ഭവനത്തിന്മേലും വരികയും, അവർ അന്യഭാഷയിൽ

സംസാരിച്ചു ദൈവത്തെ ഉയർത്തിക്കാണിക്കയും ചെയ്തു (വാക്യങ്ങൾ 44-46).

ഈ അത്ഭുതങ്ങൾ ഒന്നും കൊർന്നെല്യൊസിന്റേയും കുടുംബത്തിന്റേയും പാപങ്ങൾ മോചിച്ചു കൊടുത്തില്ല. ഈ അത്ഭുതങ്ങൾക്കൊ ന്നും അവരുടെ ജീവിതത്തിൽ പുതുജീവൻ നല്കുവാൻ കഴിഞ്ഞില്ല. ഈ അത്ഭുതങ്ങൾ എന്തു നേട്ടം ഉണ്ടാക്കി എന്നു അടുത്തു നോക്കി കാണുക. ആദ്യം, ദൂതൻ കൊർന്നെല്യൊസിനു പ്രത്യക്ഷനായതിന്റെ ഫലമായി ഒരു ഉപദേഷ്ടാവിനെ വരുത്തുവാനിടയായി. കൊർന്നെല്യോ സ് താനും ഭവനവും ദൈവം കല്പിക്കുന്നത് എന്തായാലും കേൾപ്പാൻ തയ്യാറാണെന്ന് പത്രൊസിനോടു പറഞ്ഞു (വാക്യം 33). പിന്നീട്, സഹോദരന്മാർ തടയുന്നതിനു മുമ്പ് തന്റെ പ്രതിരോധത്തിൽ പത്രൊസ്, കൊർന്നെല്യൊസ് രക്ഷിക്കപ്പെടുന്നതിനുള്ള വാക്കുകൾ സംസാരിക്കേണ്ടതിനു ഒരു മനുഷ്യനെ വരുത്തുവാൻ അവനോട് പറഞ്ഞിരുന്നു എന്നു പറഞ്ഞു (പ്രവൃത്തികൾ 11:13, 14). കൊർന്നെല്യൊസ് അപ്പോഴും രക്ഷിക്കപ്പെട്ടിട്ടില്ല എന്നും അവൻ ദൈവേഷ്ടം അറിയുവാൻ ഒരു ഉപദേഷ്ടാവിനെ വരുത്തേണ്ടിയിരുന്നുവെന്നും ഒരാൾ തീർച്ചയാക്കണം. കൂടാതെ, തുപ്പട്ടിയിൽ മൃഗങ്ങളെ കാണിച്ചു കൊടുത്തിട്ടും പത്രൊസ് കൊർന്നെല്യൊസിനെ രക്ഷിച്ചില്ല, അതു കൊർന്നെല്യൊസിന്റെ ദാസന്മാരോടു കൂടെ പോകുവാൻ ഒരു ഉപദേഷ്ടാവിനെ സഹായി ക്കുക മാത്രമാണ് ചെയ്തത്. മൂന്നാമത്തെ അത്ഭുതത്തിൽ, ആ ദാസന്മാരോടുകൂടെ പോകുവാനാണ് പരിശുദ്ധാത്മാവ് പത്രൊസിനോട് പറഞ്ഞത്, അവസാനം കൈസര്യയിലേക്ക് പോകുവാൻ അവൻ പ്രേരിതനായി. പരിശുദ്ധാത്മാവു വന്ന, നാലാമത്തെ അത്ഭുതം, കൊർന്നെല്യൊസിനെ രക്ഷിച്ചില്ല. മറിച്ച്, ഈ ജാതികളോടു സുവിശേഷം പങ്കിടുന്നതു ശരിയും നീതിയുമാണെന്നു പത്രൊസിനെയും മറ്റു ആറു സഹോദരന്മാരെയും ബോധ്യപ്പെടുത്തുകയായിരുന്നു.

കൊർന്നെല്യൊസ് അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കുറിച്ച് പല വസ്തുതകളും നോക്കേണ്ടതായിട്ടുണ്ട്. യേശു ദൈവപുത്രൻ ആണെന്നുള്ള അറിവു അവനും കുടുംബത്തിനും ഉണ്ടാകുന്നതിനു മുൻപായിരുന്നു അവരിൽ പരിശുദ്ധാത്മാവു വന്നത്. “ഞാൻ സംസാരിക്കുവാൻ തുടങ്ങുന്നതിനു മുൻപ്” ആയിരുന്നു ഇതു സംഭവിച്ചതെന്നു പത്രൊസ് പറഞ്ഞു, അതുകൊണ്ട്, അവൻ അവരോടു യേശുവിനെക്കുറിച്ചു പറയുന്നതിനു മുമ്പാണ് സംഭവിച്ചത് (പ്രവൃത്തികൾ 11:15). അടുത്തത്, രക്ഷിക്കപ്പെടുവാനുള്ള വാക്കുകൾ കൊർന്നെല്യാസിനോടു പറയേണ്ടിയിരുന്നു; ആ വാക്കുകൾ സംസാരിക്കുന്നതിനു മുൻപ്, കൊർന്നെല്യൊസിനു പാപമോചനം എന്ന രക്ഷ കിട്ടിയിരുന്നില്ല (പ്രവൃത്തികൾ 11:14). ആ വാക്കുകൾ സംസാരിക്കുന്നതിനു മുൻപു കൊർന്നെല്യൊസിൽ പരിശുദ്ധാത്മാവു വന്നിരുന്നു; അതു കൊണ്ട്, രക്ഷ കിട്ടിയിരുന്നില്ല. കൊർന്നെല്യൊസിൽ പരിശുദ്ധാത്മാവു വന്നതു പത്രൊസിനു ജാതികളോടു സുവിശേഷം അറിയിക്കാമെന്ന തീരുമാനത്തിനു പ്രചോദനം ആയി. പരിശുദ്ധാത്മ സ്നാനം അപ്പൊസ്തലന്മാർക്കു ലഭിച്ചത് അവനെ ഓർപ്പിക്കയും അതേ ആത്മാവിലുള്ള

സ്നാനം കൊർന്നെല്യൊസിനും കുടുംബത്തിനും കൊടുത്തത് ആ സാഹചര്യത്തിനു ദൈവത്തിന്റെ അംഗീകാരം ഉണ്ടായിരുന്നു എന്നു തെളിയിക്കുന്നു (പ്രവൃത്തികൾ 11:16, 17).

ഈ സന്ദർഭത്തിന്റെ അവസാനം, പത്രൊസ് തന്റെ ജാതികളായിരുന്ന സദസ്യരെ "യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തുവാൻ" കല്പിച്ചു (പ്രവൃത്തികൾ 10:48). എട്ടു പത്തു വർഷങ്ങൾക്കു മുൻപു പ്രസംഗിച്ച അതേ സ്നാനം ആയിരുന്നു, പ്രവൃത്തികൾ 2 ലെ പെന്തെക്കൊസ്തുനാളിൽ, യെരുശലേമിലെ പുരുഷാരത്തോട്. ഒരു വ്യക്തിയുടെ "നാമത്തിൽ" സ്നാനം ഏല്ക്കുക എന്നാൽ അവന്റെ അധികാരത്തിൽ എന്നർത്ഥം. പത്രൊസ് കൊടുത്തതു രണ്ടും ഒരേ സ്നാനമായിരുന്നു, കാരണം യേശു ക്രിസ്തുവിന്റെ അധികാരത്തിൽ ആയിരുന്നു. എങ്ങനെയായാലും, പെന്തെക്കൊസ്തുനാളിൽ, അവൻ പറഞ്ഞത് "നിങ്ങളുടെ പാപമോചനത്തിനായി" സ്നാനമേല്പിൻ എന്നാണ് (പ്രവൃത്തികൾ 2:38). അങ്ങനെ ആയിരിക്കെ, കൊർന്നെല്യൊസും കുടുംബവും ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുന്നതു വരെ അവരുടെ പാപങ്ങൾ മോചിക്കപ്പെട്ടിരുന്നില്ല. പരിശുദ്ധാത്മാവു വന്നതു അവരുടെ സ്നാനത്തിനു മുൻപായിരുന്നതു കൊണ്ട്, ആ കുടുംബത്തിന്റെ രക്ഷക്കായി ആത്മാവു ഈ സന്ദർഭ ത്തിൽ പ്രവർത്തിച്ചില്ല എന്നു തീർച്ച.

പ്രവൃത്തികളുടെ പുസ്തകത്തിലെ മറ്റു സംഭവങ്ങളെപ്പോലെ സ്നാനത്തെ സംബന്ധിച്ചു മനസ്സിലാക്കുന്നതും സ്ഥിരമായിരിക്കുന്നു, അതുപോലെ തന്നെയാണ് സ്നാനത്തെക്കുറിച്ചുള്ള ഉപദേശപരമായ പ്രസ്താവനകൾ. തർസൊസുകാരനായിരുന്ന ശൗലിനോടു പോലും പറഞ്ഞു, "എഴുന്നേറ്റു, നിന്റെ പാപങ്ങളെ കഴുകിക്കളഞ്ഞ്, സ്നാനമേൽക്ക" (പ്രവൃത്തികൾ 22:16). സ്നാന ജലത്തിൽ നിന്നു എഴുന്നേറ്റു വരുന്ന ആൾ പുതിയ ജീവനു വേണ്ടിയാണ് ഉയിർത്തെഴുന്നേല്ക്കപ്പെടുന്നത് എന്നു പൗലൊസ് വിവരിച്ചു (റോമർ 6:3, 4). ആ സന്ദർഭത്തിൽ പൗലൊസ് പറഞ്ഞു ഒരാൾ ഉപദേശരൂപത്തെ ഹൃദയരൂപം അനുസരിച്ചതുകൊണ്ട് പാപത്തിൽ നിന്നു സ്വതന്ത്രനാകുന്നു (റോമർ 6:17, 18). ബൈബിളിലെ എല്ലാ ഉപദേശങ്ങളിലും വളരെ കുറച്ചു മാത്രം മനസ്സിലാക്കിയ ഒന്നാണ് സ്നാനം. അത് ഒരു പക്ഷെ ദൈവത്തിന്റെ അവസാന വിശ്വാസപരീക്ഷണം ആയിരിക്കാം! മനസ്താപത്തോടെ, വിശ്വസിക്കുന്ന ഒരാൾ വലിയ പ്രാധാന്യം തോന്നാത്ത സ്നാനത്തിനു കീഴപ്പെടുക എന്നതാണ് കാര്യം?

## ഉപസംഹാരം

രക്ഷ എല്ലാ മനുഷ്യർക്കുമായി, സാർവ്വദേശീയമായി നല്കി. തന്റെ പുത്രനെ യാഗമാക്കിക്കൊണ്ടാണ് ദൈവം ആ രക്ഷ നല്കിയത്. ദൈവകൃപയാലുള്ള രക്ഷ വാസ്തവമായി "സകല മനുഷ്യർക്കുമായി, ... പ്രത്യക്ഷമായി" (തീത്തൊസ് 2:11), നീട്ടിയ ദാനം സ്വീകരിക്കണോ എന്നു തീരുമാനിക്കേണ്ടതു വ്യക്തികളാണ്.

അജ്ഞത, അഹങ്കാരം, ദുരഭിമാനം, ദേശീയത എന്നിവ യേശുവിന്റെ

കാലത്തെ, യേഹൂദന്മാരെ മഥിച്ചിരുന്നു. മറ്റു വർഗ്ഗക്കാർ സ്വീകരിക്കേണ്ടതിന്നു മശിഹയെ സേവിക്കണം എന്നു തിരിച്ചറിയുവാൻ രണ്ടു ദശാബ്ദം എടുത്തു. ഈ രണ്ടു വർഗ്ഗങ്ങൾ തമ്മിലുണ്ടായിരുന്ന വിരോധം, സഭയിൽ പോലും പരിഹരിക്കുവാൻ സമയം എടുത്തു.

ഇന്നു ക്രിസ്ത്യാനികൾ ഒരു പക്ഷെ നേരിടുന്ന പ്രശ്നം യേശുവിന്റെ കല്പനകൾ മനസ്സിലാക്കുന്നതാണ്, അല്ലാതെ വർഗ്ഗീയ കയ്പ്പ് അല്ല. ശിഷ്യന്മാരോടുള്ള അവന്റെ കല്പന ലോകം മുഴുവൻ പോയി സുവിശേഷം പ്രസംഗിക്ക എന്നതു തുടരേണ്ടതും, എല്ലാ ക്രിസ്ത്യാനികളും എല്ലാ തലമുറയിലും ചെയ്യേണ്ടതുമായ കടമയാണ്. അതിനർത്ഥം പെന്തെക്കൊസ്തു നാൾ മുതൽ ന്യായവിധി നാൾ വരെ ചുരുങ്ങിയതു ഒരിക്കൽ എങ്കിലും സുവിശേഷം അറിയിക്കണം എന്നാണോ? അല്ല! സുവിശേഷം പ്രസംഗിക്കേണ്ടതു എല്ലാകാലത്തും, വീണ്ടും എല്ലാ തലമുറയിലും ആയിരിക്കണം!

ഇന്നു ജീവനോടെ ഇരിക്കുന്നവർക്കു മുൻപുണ്ടായിരുന്ന തലമുറയോടും ഭാവി തലമുറയോടും പ്രസംഗിക്കുവാൻ കഴിയുകയില്ല. ഇന്നത്തെ ആളുകൾക്കു പ്രസംഗിക്കുവാൻ കഴിയുന്നത് ഇപ്പോഴത്തെ തലമുറയോടു മാത്രമാണ്. ഭൂമിയെ മുഴുവൻ സുവിശേഷം കൊണ്ടു നിറക്കണം എന്നതു ഇന്നും പ്രാധാന്യമുള്ളതും വിലയുള്ളതുമാണ്. സുവിശേഷം എല്ലാവർക്കും ഉള്ളതാണ്, പക്ഷെ ഇന്ന് ജീവനോടെ ഇരിക്കുന്ന ക്രിസ്ത്യാനികൾ ആ കൃപയുടെ സുവിശേഷം അറിയിക്കാതെ ഇന്നത്തെ - ലോകം ഒരിക്കലും അതു കേൾക്കുകയില്ല.

© 2009 Truth for Today